പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 499** | **13-10-2026-ൽ മറുപടിയ്ക്ക്**

**ബേപ്പൂർ നിയോജക മണ്ഡലത്തിലെ വ്യവസായ യൂണിറ്റുകൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** | **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** ബേപ്പൂർ നിയോജക മണ്ഡലത്തിലെ ചെറുവണ്ണൂർ സ്റ്റീൽ കോംപ്ലക്സിനെ സംബന്ധിച്ച് നാഷണൽ കമ്പനീസ് ലാ ട്രൈബ്യൂണലിൽ നിലനിൽക്കുന്ന വ്യവഹാരത്തിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കാമോ; സ്റ്റീൽ കോംപ്ലക്സ് സംസ്ഥാന സർക്കാർ ഏറ്റെടുക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി കൂടി അറിയിക്കാമോ;

**മറുപടി:** കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ Steel Authority of India Ltd (SAIL)-മായുള്ള സംയുക്ത സംരംഭമായ കോഴിക്കോട്ടെ SAIL SCL Kerala Ltd ന്, കാനറാ ബാങ്ക് നൽകിയ വായ്പ മുടങ്ങിയതിന്റെ ഭാഗമായി, ബാങ്ക് നാഷണൽ കമ്പനി ലാ ട്രൈബ്യൂണലിൽ (NCLT) നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ Corporate Insolvency Resolution Plan (CIRP) NCLT അംഗീകരിച്ചിരുന്നു. ഈ നടപടി റദ്ദ് ചെയ്യുന്നതിനായി സർക്കാർ NCLT Appellate Tribunal-ൽ അപ്പീൽ നൽകിയതിനെ തുടർന്ന് സ്റ്റേ ലഭിച്ചിരുന്നു. പ്രസ്തുത കേസിന്റെ തുടർ വിസ്താരങ്ങൾ ട്രൈബ്യൂണലിൽ നടന്നു വരുന്നതും അന്തിമവാദം നവംബർ ആദ്യ വാരത്തിലേയ്ക്ക് മാറ്റിവച്ചിരിക്കുകയും ആണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് മാത്രമേ സെയിൽ എസ്.സി.എൽ-ന്റെ വിഷയത്തിൽ തുടർ തീരുമാനങ്ങൾ കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ.

**(ബി)** ബേപ്പൂർ കയർ ഫാക്ടറിയിൽ ഫുള്ളി ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീനുകൾ സ്ഥാപിക്കുന്ന പ്രവർത്തിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

**മറുപടി:** ബേപ്പൂർ കയർ ഫാക്ടറിയിൽ നിലവിലുള്ള മെഷിനറികൾ നല്ല രീതിയിൽ പ്രവർത്തിച്ചു വരുന്നുണ്ട്. കൂടുതൽ മെഷിനറികൾ സ്ഥാപിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ കേരള സംസ്ഥാന കയർ കോർപ്പറേഷൻ തയ്യാറാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**